(സി) പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടും നിയമനം ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഇപ്പോൾ എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. ചോദ്യപേപ്പർ ചോർച്ച

23 [33] *ശ്രീ. ഇ. എം. അഗസ്തി:*

,, *പി. ജെ. ജോയി:*

,, *കെ. മുഹമ്മദാലി:*

,, *കെ. എ. ചന്ദ്രൻ:*

,, *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗ നിയമനത്തിനുള്ളവരുടെ ആപേക്ഷിക അനുയോജ്യത നിർണ്ണയിക്കുന്നതിനുവേണ്ടി നടത്തുന്ന എഴുത്തു പരീക്ഷയുടെ ചോദ്യക്കടലാസ് ചോർത്തുന്ന ഒരു മാഫിയ നിലവിലുണ്ടെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ബി) പി. എസ്. സി.-യുടെ വിശ്വാസ്യതയെ തകർക്കുന്ന ഇത്തരം ആക്ഷേപം ഉയരാതിരിക്കത്തക്കവിധത്തിൽ ഈ മാഫിയയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ പി. എസ്. സി. എന്തെല്ലാം നടപടിയെടുത്തിട്ടുണ്ട്;

(സി) ഏതെല്ലാം ചോദ്യക്കടലാസ് ചോർത്തിയവരുടെമേൽ അതുമൂലം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഈ മാഫിയയ്ക്കെതിരെ നിയമനടപടി സ്വീകരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

(എഫ്) നിലവിലുള്ള പി. എസ്. സി. ചെയർമാൻ ചാർജ്ജെടുത്തശേഷം എഴുത്തുപരീക്ഷകളുടെ ചോദ്യം ചോർന്നത് സംബന്ധിച്ച് എത്ര ആരോപണമുണ്ടായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) — (എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly